### ക്രിസ്തുവിന്റെ മാതൃകയാൽ നിവേശിപ്പിക്കപ്പെടണം

**I. ക്രിസ്തുവിനെ അനുഭവമാക്കുന്നതിനും ക്രിസ്തുവിനെ ജീവിക്കുന്നതിനും, നാം അവനെ നമ്മുടെ മാതൃകയായി അറിയുകയും അവനെ നമ്മുടെ മാതൃകയായി എടുക്കുകയും വേണം**

- 2:5-11-ൽ പൗലൊസ് ക്രിസ്തുവിനെ മാതൃകയായി അവതരിപ്പിക്കുന്നു; ഈ മാതൃക നമ്മിലേക്ക് നിവേശിപ്പിക്കപ്പെടേണം.
- ക്രിസ്തീയ ജീവിതത്തിന്റെ മാതൃക തന്നെത്താൻ ഒഴിക്കുകയും, തന്നെത്താൻ താഴ്ത്തുകയും, ദൈവത്താൽ ഉയർത്തപ്പെടുകയും മഹത്വപ്പെടുത്തപ്പെടുകയും ചെയ്ത ദൈവ-മനുഷ്യ രക്ഷകനാണ്
- കർത്താവ് ദൈവത്തോട് സമനായിരുന്നെങ്കിലും, ദൈവത്തോട് സമനായിരിക്കുന്നത് പിടിച്ചുവയ്ക്കുവാനുള്ള ഒരു നിധിയായി അവൻ കരുതിയില്ല; തനിക്കുണ്ടായിരുന്ന ദൈവരൂപം മാറ്റിവച്ചുകൊണ്ട് അവൻ തന്നെത്താൻ ഒഴിച്ചു
- തന്റെ ജഡാവതാരത്തിൽ കർത്താവ് തന്റെ ദിവ്യപ്രകൃതം മാറ്റിയില്ല; ദൈവരൂപത്തിൽനിന്നും ഒരു അടിമയുടെ രൂപത്തിലേക്ക് അവൻ തന്റെ ബാഹ്യാവിഷ്കാരം മാത്രം മാറ്റി
- അവൻ ബാഹ്യമായി ഒരു മനുഷ്യനായി മനുഷ്യർക്ക് പ്രത്യക്ഷപ്പെട്ടു, എന്നാൽ ദൈവമെന്ന നിലയിൽ, ആന്തരികമായി അവന് ദൈവഭാവത്തിന്റെ യാഥാർഥ്യം ഉണ്ടായിരുന്നു
- മരണത്തോളം—ക്രൂശിലെ മരണത്തോളം തന്നെ—അനുസരണമുള്ളവനായിത്തീർന്നതിലൂടെ ക്രിസ്തു അവനെത്തന്നെ താഴ്ത്തി. ക്രൂശിലെ മരണം ക്രിസ്തുവിന്റെ അപമാനത്തിന്റെ ഉച്ചസ്ഥിതിയായിരുന്നു
- എന്നാൽ ദൈവം അവനെ ഏറ്റവും ഉന്നതമായ കൊടുമുടിയിലേക്ക് ഉയർത്തുകയും, "സകല നാമത്തിനും മേലായ നാമം" അവന്റെ മേൽ ചൊരിയുകയും ചെയ്തു. ഒരു യഥാർഥ മനുഷ്യനായ യേശുവിനെ എല്ലാവരുടെയും കർത്താവാകുവാൻ ദൈവം ഉയർത്തി
- ഏറ്റവും ഉയർന്ന ജീവനും സ്ഥാനവും ഉള്ള ഒരുവൻ എളിയ രീതിയിൽ ജീവിക്കുവാൻ മനസ്സുള്ളവനായിരിക്കും എന്നതാണ് ഈ മാതൃകയുടെ തത്ത്വം

### ഈ മാതൃക ഇപ്പോൾ എവിടെയാണ്—നമ്മുടെ ജീവനായ്, വ്യക്തിനിഷ്ഠമായ് നമ്മുടെ ഉള്ളിൽ

**II. നമ്മുടെ മാതൃകയായ ക്രിസ്തു വസ്തുനിഷ്ഠൻ മാത്രമല്ല, വ്യക്തിനിഷ്ഠനും അനുഭവപരനുമാണ്**

- മാതൃക സ്ഥാപിച്ചവനും താൻതന്നെ മാതൃകയായിരിക്കുന്നവനും ഇപ്പോൾ ഉൾവസിക്കുന്ന ദൈവമായി നമ്മുടെ ഉള്ളിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്നു
- തന്റെ മനുഷ്യജീവിതത്തിൽ, പ്രത്യേകിച്ച് അവൻ തന്നെത്തന്നെ ഒഴിക്കുകയും താഴ്ത്തുകയും ചെയ്തതിലും ദൈവവുമായുള്ള സമത്വം ഒരു നിധിയായി പിടിച്ചുവയ്ക്കാതിരിക്കുകയും ചെയ്ത കാര്യത്തിൽ, നാം ക്രിസ്തുവിനോടുകൂടെ കൂട്ടാളികളായിരിക്കണം
- നമ്മുടെ മാതൃകയായ ക്രിസ്തു ഇപ്പോൾ നമ്മുടെ ഉള്ളിലെ ജീവനാണ്
  - നമ്മിലുള്ള ജീവൻ സ്വയം-ഒഴിക്കുന്നതും സ്വയം-താഴ്ത്തുന്നതുമായ ഒരു ജീവനാണ്; ഈ ജീവൻ ഒരിക്കലും ഒരു നിധിയായി ഒന്നിനെ മുറുകെപിടിക്കുന്നില്ല, പ്രത്യുത സ്ഥാനവും പദവിയും മാറ്റിവയ്ക്കുവാൻ എപ്പോഴും മനസ്സുള്ളതാണ്.
  - ഫിലിപ്പിയർ 2-ലെ ക്രിസ്തുവിന്റെ അപമാനത്തിന്റെ പടികൾ പൂർണമായ രീതിയിൽ ജീവിച്ചു വെളിപ്പെട്ട ക്രൂശിക്കപ്പെട്ട ജീവന്റെ എല്ലാ വശങ്ങളുമാണ്
  - ക്രൂശിക്കപ്പെട്ട ഒരു ജീവിതം നയിക്കുന്നതിലൂടെ, പ്രപഞ്ചത്തിൽ ഏറ്റവും ഉയർന്ന കൊടുമുടിയിലേക്ക് ക്രിസ്തുവിനെ ഉയർത്തിയ പുനരുത്ഥാന ശക്തി നമുക്ക് അനുഭവിക്കുവാൻ കഴിയും
  - നമ്മുടെ ദൈനംദിന ജീവിതത്തിൽ വ്യക്തിനിഷ്ഠമായ് ക്രിസ്തു ഉയർത്തപ്പെടണം

### നാം ക്രിസ്തുവിന്റെ മനസ്സ് എടുക്കണം

**III. നമ്മുടെ മാതൃകയായി നാം ക്രിസ്തുവിനെ എടുക്കണമെങ്കിൽ, ക്രിസ്തുവിന്റെ മനസ്സിനെ നമ്മുടെ മനസ്സായി നാം എടുക്കണം**

- ക്രിസ്തുവിന്റെ മനസ്സ് ക്രിസ്തു തന്നെയാണ്, കാരണം ക്രിസ്തു എന്ന വ്യക്തി അവന്റെ മനസ്സിൽ വെളിവാകുന്നു
- ഇങ്ങനെയുള്ള ഒരു മനസ്സ് ഉണ്ടായിരിക്കുന്നതിന് നാം ക്രിസ്തുവിന്റെ അന്തർഭാഗങ്ങളിൽ അവനോട് ഒന്നായിരിക്കണം

### പുത്രന്റെ കീഴ്പെടൽ അറിയുന്നത്

**IV. പുത്രന്റെ കീഴ്പെടൽ നാം അറിയേണം**

- പിതാവും പുത്രനും തുല്യരും, സമസർവശക്തരും, സഹവർത്തിക്കുന്നവരും, ഒരേ സമയം നിലനിൽക്കുന്നവരുമാണ്
- ഫിലിപ്പിയർ 2:5-7 ഒരു ഭാഗവും, 8 മുതൽ 11 വരെയുള്ള വാക്യങ്ങൾ മറ്റൊരു ഭാഗവും ആണ്
  - ഒന്നാമത്തെ ഭാഗം ക്രിസ്തു തന്നെത്താൻ ഒഴിച്ചതിനെക്കുറിച്ചാണ്. രണ്ടാമത്തെ ഭാഗം ക്രിസ്തു തന്റെ മനുഷ്യത്വത്തിൽ തന്നെത്താൻ താഴ്ത്തുന്നതിനെക്കുറിച്ചാണ്
- കർത്താവ് ഭൂമിയിലേക്ക് വന്നപ്പോൾ, അവൻ തന്റെ മഹത്വം, ശക്തി, സ്ഥാനം, ദൈവഭാവത്തിന്റെ സ്വരൂപം എന്നിവയിൽനിന്ന് തന്നെത്താൻ ഒഴിച്ചു
- പിതാവ് അധികാരത്തിന്റെ പ്രാതിനിധ്യമായിത്തീരുകയും, പുത്രൻ കീഴ്പെടലിന്റെ പ്രാതിനിധ്യമായിത്തീരുകയും ചെയ്തു
  - ദൈവത്വത്തിലുള്ള അനുസരണം മുഴുവൻ പ്രപഞ്ചത്തിലും വച്ച് ഏറ്റവും അത്ഭുതകരമായ കാര്യമാണ്
- നാം അധികാരത്തിന് കീഴ്പെടണം; ഇത് വലിയൊരു കാര്യമാണ്
- നമുക്ക് ക്രിസ്തു യേശുവിൽ ഉണ്ടായിരുന്ന മനസ്സ് ഉണ്ടായിരിക്കണം
  - നമ്മുടെ സമർപ്പണത്തിന്റെ തത്ത്വമായി കർത്താവിന്റെ സമർപ്പണത്തിന്റെ തത്ത്വത്തെ എടുത്തുകൊണ്ട് നാം എല്ലാവരും നമ്മുടെ കർത്താവിന്റെ മാർഗം എടുക്കണം
- കർത്താവ് അനുസരണം പഠിച്ചത് കഷ്ടമനുഭവിച്ചതിലൂടെയാണെന്ന് എബ്രായർ 5:8 നമ്മോടു പറയുന്നു
- രക്ഷ സന്തോഷം മാത്രമല്ല കൊണ്ടുവരുന്നത്; അത് കീഴ്പെടലിനെയും കൊണ്ടുവരുന്നു
- ഒരുവൻ ദൈവത്തിന്റെ അധികാരത്തെ സന്ധിക്കുമ്പോൾ, കീഴ്പെടൽ ലളിതമായ ഒരു കാര്യമാണ്, കാരണം കർത്താവ് തന്റെ കീഴ്പെടലിൻ ജീവനെ നമുക്ക് തന്നുകഴിഞ്ഞിരിക്കുന്നു